**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5170** **21-07-2022 - ൽ മറുപടിയ്ക്ക്**

**വിള ഇൻഷ്വറൻസ് പദ്ധതിയിലെ കർഷകരുടെ പങ്കാളിത്തം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വിള ഇൻഷ്വറൻസ് പദ്ധതിയിലെ കർഷകരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | **വിള ഇൻഷ്വറൻസ് പദ്ധതിയിൽ കൂടുതൽ കർഷകർ അംഗങ്ങളാകുന്നതിനു സംസ്ഥാനമൊട്ടാകെ പത്ര മാധ്യമങ്ങളിലൂടെയും ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലൂടെയും സമൂഹ മാധ്യമങ്ങളിലൂടെയും വ്യാപകമായി പ്രചാരണം നടത്തുന്നുണ്ട്. എല്ലാ വർഷവും ജൂലൈ ഒന്നിന് വിള ഇൻഷ്വറൻസ് ദിനം ആചരിക്കുകയും തുടർന്നുള്ള ഒരാഴ്ച കാലം ഇൻഷ്വറൻസ് വാരാഘോഷം നടത്തുകയും ചെയ്യുന്നു. ഈ കാലയളവിൽ എല്ലാ ത്രിതല പഞ്ചായത്ത് തലത്തിലും കർഷകർക്ക് ബോധവത്കരണ പരിപാടിയും ക്യാമ്പയിനുകളും സംഘടിപ്പിക്കുന്നുണ്ട്.** |
| (ബി) | നഷ്ടപരിഹാര തുക അപര്യാപ്തമായതിനാൽ കൂടുതൽ കർഷകർ പദ്ധതിയുടെ ഭാഗമാകുവാൻ വിമുഖത കാണിക്കുന്ന അവസ്ഥ പരിഹരിക്കുന്നതിന് തുക ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മാനദണ്ഡപ്രകാരം നാമമാത്രമായ പ്രീമിയം തുകയാണ് ഓരോ വിളയ്ക്കും നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ നഷ്ടപരിഹാരം വിളനാശത്തിന് ആനുപാതികവുമാണ്. അതിനാൽ തുക അപര്യാപ്തമാണ് എന്ന കാരണത്താൽ പദ്ധതിയിൽ അംഗങ്ങളാകുന്നതിൽ കർഷകർ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | കാലം തെറ്റിയുള്ള മഴയും വെള്ളപ്പൊക്കവും മൂലം കാർഷിക വിളകൾക്കുണ്ടായ നാശനഷ്ടങ്ങളുടെ പശ്ചാത്തലത്തിൽ കൂടുതൽ വിളകളെ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ? | (സി) | സംസ്ഥാനത്ത് വ്യാപകമായി കൃഷി ചെയ്യുന്ന 27 വിളകൾക്കാണ് നിലവിൽ വിള ഇൻഷ്വറൻസ് പദ്ധതി മുഖേന സംരക്ഷണം നൽകുന്നത്. ഇത് കൂടാതെ പപ്പായ, കോലിഞ്ചി, കൂർക്ക, ചേമ്പ്, കാച്ചിൽ, ചെറുഫലവിളകൾ, അലങ്കാര സസ്യങ്ങൾ, തേനീച്ച എന്നിവയെക്കൂടി പുതിയതായി പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ